**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1324** **04-02-2019 ൽ മറുപടിക്ക്**

**പട്ടയം ലഭ്യമാക്കാൻ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം എത്രപേർക്ക് നാളിതുവരെ പട്ടയം നല്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തൊട്ടാകെ വിവിധ ഇനങ്ങളിലായി 1,03,313 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| **ക്രമ നം** | **ജില്ല** | **വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 1215 |
| 2 | കൊല്ലം | 750 |
| 3 | പത്തനംതിട്ട | 205 |
| 4 | ആലപ്പുഴ | 780 |
| 5 | കോട്ടയം | 550 |
| 6 | ഇടുക്കി | 20419 |
| 7 | എറണാകുളം | 3812 |
| 8 | തൃശ്ശൂർ | 30123 |
| 9 | പാലക്കാട് | 11648 |
| 10 | മലപ്പുറം | 16400 |
| 11 | കോഴിക്കോട് | 6717 |
| 12 | വയനാട് | 1151 |
| 13 | കണ്ണൂർ | 4024 |
| 14 | കാസർഗോഡ് | 5519 |
| | **ആകെ** | **103313** |

(ബി) സംസ്ഥാനത്ത് പട്ടയത്തിനായി അവശേഷിക്കുന്ന അപേക്ഷകർ എത്ര; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് പട്ടയത്തിനായി 121617 അപേക്ഷകൾ അവശേഷിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **ക്രമ നം** | **ജില്ല** | **അപേക്ഷകളുടെ എണ്ണം** |
|---|---|---|
| 1 | തിരുവനന്തപുരം | 3330 |
| 2 | കൊല്ലം | 771 |

| | | |
|---|---|---|
| 3 | പത്തനംതിട്ട | 1351 |
| 4 | ആലപ്പുഴ | 1090 |
| 5 | കോട്ടയം | 547 |
| 6 | ഇടുക്കി | 28236 |
| 7 | എറണാകുളം | 1706 |
| 8 | തൃശ്ശൂർ | 2941 |
| 9 | പാലക്കാട് | 35880 |
| 10 | മലപ്പുറം | 15083 |
| 11 | കോഴിക്കോട് | 12568 |
| 12 | വയനാട് | 1140 |
| 13 | കണ്ണൂർ | 16344 |
| 14 | കാസർഗോഡ് | 630 |
| | **ആകെ** | **121617** |

(സി) ലാൻഡ് ബോർഡ്, ലാൻഡ് ട്രിബ്യൂണൽ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി, അവശേഷിക്കുന്ന പട്ടയ അപേക്ഷകർക്ക് സമയബന്ധിതമായി പട്ടയം ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കുമോ?

(സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ തീർപ്പാക്കാനായി ശേഷിക്കുന്ന കേസുകൾ 500 ൽ താഴെയായി കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാനായി ശേഷിക്കുന്നത് തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ്. ഇവിടങ്ങളിൽ 10000-20000 വരെ കേസുകളാണ് ഓരോ ജില്ലയിലും ശേഷിക്കുന്നത്. ഈ സാഹചര്യത്തിൽ കേസുകൾ കുറവായ ജില്ലകളിലെ ലാന്റ് ട്രൈബ്യൂണലുകളെ കേസുകൾ വളരെ കൂടുതൽ കെട്ടികിടക്കുന്ന ജില്ലകളിലേക്ക് വിന്യസിച്ചിട്ടുണ്ട്. കേസുകൾ കുറവായ തെക്കൻ ജില്ലകളിലെ അവശേഷിക്കുന്ന കേസുകൾ തീർപ്പാക്കാനും പുതിയ അപേക്ഷകൾ ഉണ്ടെങ്കിൽ പരിഗണിക്കാനുമായി പ്രസ്തുത ജില്ലകളിൽ എല്ലാ താലൂക്കുകളിലും തഹസിൽദാർമാരെ ലാന്റ് ട്രൈബ്യൂണലായി നിയമിച്ച് അധിക ചുമതല നൽകിയിട്ടുണ്ട്.

1) ലാന്റ് ട്രൈബ്യൂണൽ ജീവനക്കാർ അടിക്കടി സ്ഥലംമാറി പോകുന്നത് ഒഴിവാക്കാനായി അവരെ രണ്ട് വർഷത്തേക്ക് സ്ഥലം മാറ്റരുതെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) കേരളത്തിൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കാൻ ശേഷിക്കുന്ന തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കേസുകൾ സമയബന്ധിതമായി തീർപ്പാക്കാൻ 29 സ്പെഷ്യൽ തഹസിൽദാർമാർക്ക് ലാന്റ് ട്രൈബ്യൂണലുകളുടെ അധിക ചുമതല നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്റെ കാലാവധി തുടർന്നും നീട്ടി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ലാന്റ് ബോർഡ്

താലൂക്ക് ലാന്റ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന ഭൂമി ബന്ധപ്പെട്ട തഹസിൽദാർമാർ മുഖേന ഏറ്റെടുക്കുന്നതിനും ആയത് അർഹരായ ഭൂരഹിതർക്ക് കേരള ഭൂപരിഷ്കരണ നിയമം 96-ാം വകുപ്പിലും 1970 ലെ കേരള ഭൂപരിഷ്കരണ (ഭൂപരിധി) ചട്ടങ്ങൾ ചട്ടം 27 മുതൽ 31 വരെയുള്ള നടപടികൾ പാലിച്ച് കൊണ്ടും പട്ടയമേളകൾ സംഘടിപ്പിച്ചും അല്ലാതെയും അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**